**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1794**
**17.12.2012 ലെ മറുപടിയ്ക്ക്**

**<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>**

ചോദ്യം — **ശ്രീ. സി . ദിവാകരൻ**

ഉത്തരം — **ശ്രീ. ഉമ്മൻചാണ്ടി**, **ബഹു.മുഖ്യമന്ത്രി**

| | | |
|---|---|---|
| ( എ ) | കേരളത്തിലെ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കാനുള്ള സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ; | സമൂഹത്തിലെ ഓരോ തലമുറയും ഉപയോഗിക്കുന്ന സേവനങ്ങൾക്കുള്ള പ്രതിഫലം അടുത്ത തലമുറയുടെ ബാദ്ധ്യതയാക്കി മാറ്റാൻ പാടില്ല എന്ന പൊതു തത്ത്വമാണ് പങ്കാളിത്ത പെൻഷന്റെ അടിസ്ഥാന പ്രമാണം. പെൻഷനും അനുബന്ധ ആവശ്യങ്ങൾക്കുമായുള്ള ചെലവുകൾ 2001-02 വർഷത്തെ അപേക്ഷിച്ച് 2012-13 വർഷത്തിൽ നാലിരട്ടിയിലധികം വർദ്ധിച്ച സാഹചര്യത്തിലും ഈ നിലയിൽ മുന്നോട്ട് പോയാൽ സംസ്ഥാന സർക്കാരിന് പെൻഷൻ ബാദ്ധ്യത നിറവേറ്റാൻ കഴിയാതെ വരാൻ സാധ്യതയുള്ള സാഹചര്യത്തിലും കേന്ദ്ര ഗവൺമെന്റും രണ്ട് സംസ്ഥാനങ്ങൾ ഒഴികെയുള്ള മറ്റെല്ലാ സംസ്ഥാനങ്ങളും പങ്കാളിത്ത പെൻഷൻ നടപ്പിലാക്കി കഴിഞ്ഞ സാഹചര്യത്തിലുമാണ് 01.04.2013 മുതൽ നിയമിക്കപ്പെടുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചത്. |
| ( ബി ) | സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും 2013 ജനുവരി 8 മുതൽ അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ( സി ) | ഇതിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ഇതു സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുവാൻ ഗവൺമെന്റ് വേണ്ട നടപടികൾ സ്വീകരിക്കും. |

Vijayamull8
സെക്ഷൻ ഓഫീസർ